മാർക്കറ്റ്

130.25 ↓	സെൻസെക്സ്	29518.74
33.20 ↓	നിഫ്റ്റി	9126.85

സ്വർണം

പവൻ (8ഗ്രാം)	21,600
ഒരു ഗ്രാം	2700

ലയിച്ചു, വൊഡാഫോണും ഐഡിയയും ഇനി നമ്പർ 1

- ലയന നടപടികൾക്ക് തുടക്കമായി; 2018ൽ പൂർത്തിയാകും
- സംയുക്ത കമ്പനി ഇന്ത്യയിലെ ഏറ്റവും വലിയ ടെലികോം കമ്പനിയാകും
- എയർടെൽ രണ്ടാംസ്ഥാനത്തേക്ക് പിന്തള്ളപ്പെടും

ന്യൂഡൽഹി: രാജ്യത്തെ ഏറ്റവും വലിയ രണ്ടാമത്തെ ടെലികോം കമ്പനിയായ വൊഡാഫോണും മൂന്നാംസ്ഥാനക്കാരായ ഐഡിയയും തമ്മിലുള്ള ലയന നടപടികൾക്ക് തുടക്കമായി. ഉപഭോക്താക്കൾക്ക് സൗജന്യ ഇന്റർനെറ്റും വോയിസ് കോളുകളും നൽകി റിലയൻസ് ജിയോ സൃഷ്ടിച്ച തരംഗമാണ് ടെലികോം രംഗത്ത് ലയനങ്ങൾക്ക് കളമൊരുക്കിയത്. ഐഡിയ-വൊഡാഫോൺ സംയുക്ത കമ്പനി 40 കോടിയോളം ഉപഭോക്താക്കളുമായി ഇന്ത്യയിലെ ഏറ്റവും വലിയ ടെലികോം കമ്പനിയായി മാറും. 43 ശതമാനം ഉപഭോക്തൃ വിഹിതം വിപണിയിൽ ഇവർക്കുണ്ടാകും.

27 കോടി ഉപഭോക്താക്കളുമായി, 33 ശതമാനം വിഹിതത്തോടെ ഇപ്പോൾ വിപണിയിൽ ഒന്നാംസ്ഥാനത്തുള്ള എയർടെൽ രണ്ടാംസ്ഥാനത്തേക്ക് പിന്തള്ളപ്പെടും. തങ്ങൾക്ക് പത്ത് കോടിയിലേറെ ഉപഭോക്താക്കളുണ്ടെന്നാണ് റിലയൻസ് ജിയോ അവകാശപ്പെടുന്നത്. ഐഡിയ - വൊഡാഫോൺ സംയുക്ത കമ്പനിയിൽ പ്രാഥമികമായി 50 ശതമാനം ഓഹരികൾ വൊഡാഫോണിനുണ്ടാകും. പിന്നീട് 3,874 കോടി രൂപ മതിക്കുന്ന 4.9 ശതമാനം ഓഹരികൾ ഐഡിയയുടെ മുഖ്യ പ്രൊമോട്ടർമാരായ ആദിത്യ ബിർള ഗ്രൂപ്പിന് കൈമാറും. സംയുക്ത കമ്പനിയിൽ ഇപ്പോൾ 21.1 ശതമാനമാണ് ആദിത്യ ബിർളയുടെ പങ്കാളിത്തം. 4.9 ശതമാനം ഓഹരികൾ കൂടി ലഭിക്കുന്നതോടെ ഐഡിയയുടെ ഓഹരി വിഹിതം 26 ശതമാനവും വൊഡാഫോണിന്റെ വിഹിതം 45.1 ശതമാനവുമാകും.

സംയുക്ത കമ്പനിയുടെ ആകെ വിപണിമൂല്യം 79,016 കോടി രൂപയായിരിക്കും. ആദിത്യ ബിർള ഗ്രൂപ്പിനും വൊഡാഫോണിനും മൂന്നു വീതം ഡയറക്ടർമാരെ നിർദേശിക്കാം. ആദിത്യ ബിർള ഗ്രൂപ്പ് മേധാവിയായ കുമാർ മംഗളം ബിർള പുതിയ കമ്പനിയുടെ ചെയർമാനാകും. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ പദവികളിലേക്ക് ഇരു കമ്പനികളും സംയുക്തമായി നിയമനം നടത്തും. ചീഫ് ഫിനാൻഷ്യൽ ഓഫീസറെ വൊഡാഫോൺ നിയമിക്കും.

സംയുക്ത കമ്പനി 1850 മെഗാ ഹെട്സ് സ്പെക്ട്രം ബാൻഡ് കൈവശം വയ്ക്കും. വിപണിയിൽ മറ്റു കമ്പനികളോട് ഏറ്റുമുട്ടാൻ ഇതു ധാരാളമാണെന്ന് ഐഡിയ, വൊഡാഫോൺ അധികൃതർ പറഞ്ഞു. ലയന ശേഷവും രണ്ടു വ്യത്യസ്ത ബ്രാൻഡുകളായി തന്നെ ഐഡിയയും വൊഡാഫോണും പ്രവർത്തിക്കും. കേന്ദ്ര സർക്കാരുമായി നികുതി സംബന്ധിച്ച് നിലനിൽക്കുന്ന വൊഡാഫോണിന്റെ നിയമയുദ്ധം ഐഡിയയുമായുള്ള ലയനത്തിന് തടസമാകില്ലെന്ന് വൊഡാഫോൺ ഗ്രൂപ്പ് സി.ഇ.ഒ വിട്ടോറിയോ കൊളാവോ പറഞ്ഞു. ഐഡിയയ്ക്കും വൊഡാഫോണിനും സംയുക്തമായി 1.07 ലക്ഷം കോടിയോളം രൂപയുടെ കടബാദ്ധ്യതയുണ്ട്. ലയനം പ്രതിവർഷം 14,000 കോടിയോളം രൂപ മിച്ചം പിടിക്കാൻ കമ്പനികളെ സഹായിക്കുമെന്നാണ് വിലയിരുത്തൽ.

ഇനി ഒന്നാമത്

- 27 കോടി ഉപഭോക്താക്കളും 33 ശതമാനം മാർക്കറ്റ് വിഹിതവുമായി എയർടെൽ ആണ് ഇപ്പോൾ ഇന്ത്യയിലെ ഏറ്റവും വലിയ ടെലികോം കമ്പനി.
- ഐഡിയയും വൊഡാഫോണും ലയിച്ചുണ്ടാകുന്ന പുതിയ കമ്പനിക്ക് 40 കോടി ഉപഭോക്താക്കളുണ്ടാകും.
- 43 ശതമാനം വിഹിതവുമായി ഈ കമ്പനി ഏറ്റവും വലിയ കമ്പനിയാകും.

കുമാർ മംഗളം ബിർള

30%

- ഇന്ത്യൻ ടെലികോം രംഗത്തെ ലയനങ്ങൾ 30 ശതമാനം പേരുടെ തൊഴിൽ നഷ്ടപ്പെടുത്തുമെന്നാണ് വിലയിരുത്തലുകൾ
- ഐഡിയയ്ക്കും വൊഡാഫോണിനും പുറമേ, റിലയൻസ് കമ്യൂണിക്കേഷനും എയർസെല്ലും ലയന പാതയിലാണ്
- പൊതുമേഖലാ കമ്പനികളായ എം.ടി.എൻ.എല്ലും ബി.എസ്.എൻ.എല്ലും തമ്മിലും ലയിച്ചേക്കും

സൗത്ത് ഇന്ത്യൻ ബാങ്കിന് എൻ.പി.സി.ഐ പുരസ്കാരം

തൃശൂർ: എൻ.പി.സി.ഐ ഏർപ്പെടുത്തിയ 2016ലെ നാഷണൽ പേമെന്റ്സ് എക്സലൻസ് പുരസ്കാരം സൗത്ത് ഇന്ത്യൻ ബാങ്കിന് ലഭിച്ചു. റൂപേ പ്ലാറ്റ്ഫോമിലുള്ള ബാങ്കിന്റെ സംഭാവനകളും പ്രവർത്തനങ്ങളുമാണ് അവാർഡിന് അർഹരാക്കിയത്.

മുംബയിൽ നടന്ന ചടങ്ങിൽ സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജർ ബോബി ജെയിംസ്, ഡി.ജി.എം (ഐ.ടി) എ. സോണി എന്നിവർ ചേർന്ന് റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണർ എൻ.എസ്. വിശ്വനാഥനിൽ നിന്ന് പുരസ്കാരം സ്വീകരിച്ചു.

എൻ.പി.സി.ഐ നോൺ എക്സിക്യൂട്ടീവ് ചെയർമാൻ എം. ബാലചന്ദ്രൻ, എൻ.പി.സി.ഐ മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ എ.പി. ഹോട്ട എന്നിവർ സംബന്ധിച്ചു. റൂപേ പ്ലാറ്റ്ഫോമിൽ ക്ലാസിക്, പ്ലാറ്റിനം കാർഡുകൾ സൗത്ത് ഇന്ത്യൻ ബാങ്ക് പുറത്തിറക്കിയിരുന്നു. ഇതിനൊപ്പം, റൂപേ പ്രീപെയ്ഡ് കാർഡ്, ഗ്രീൻ പിൻ സൗകര്യം തുടങ്ങിയവ അവതരിപ്പിച്ചതും ഈ രംഗത്തെ പ്രവർത്തന മികവും ബാങ്കിന് അവാർഡ് നേടിക്കൊടുത്തു.

എൻ.പി.സി.ഐ ഏർപ്പെടുത്തിയ 2016ലെ നാഷണൽ പേമെന്റ്സ് എക്സലൻസ് പുരസ്കാരം സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജർ ബോബി ജെയിംസ്, ഡി.ജി.എം (ഐ.ടി) എ. സോണി എന്നിവർ ചേർന്ന് റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണർ എൻ.എസ്. വിശ്വനാഥനിൽ നിന്ന് സ്വീകരിക്കുന്നു. എൻ.പി.സി.ഐ നോൺ എക്സിക്യൂട്ടീവ് ചെയർമാൻ എം. ബാലചന്ദ്രൻ, എൻ.പി.സി.ഐ മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ എ.പി. ഹോട്ട എന്നിവർ സമീപം.

SCRIP	BSE	NSE
ABB	1211.150	1216.000
ACC	1408.100	1408.700
AMARAJA	874.800	874.250
ANDHARA BANK	56.650	56.650
APOLLOTYRE	202.950	203.000
APPOLOHOS	1216.400	1211.750
ARVINDMILL	406.600	407.600
ASIANPNT	1077.850	1079.700
AXISBANK	504.550	502.850
B.		
BAJAJAUTO	2920.750	2923.550
BATAIND	535.450	535.750
BEML	1296.750	1297.700
BIOCON	1127.200	1126.600
BOI	128.800	128.900
BPCL	643.600	643.600
BRITANNIA	3253.100	3251.750
BSES	578.600	578.700
C.		
CANARABANK	293.900	294.250
CEAT	1280.400	1279.350
COLGATE	983.450	981.500
CORPBNK	47.900	47.800
D.		
DABUR	279.650	278.900
DENABANK	38.600	38.700
DISHMAN PHARMA	240.450	240.700
E.		
Eastern Treads	114.850	0.000
EIHOTEL	105.800	106.150
ENGGINDIA	155.200	154.900
ESCORTS	518.900	520.850
F.		
FEDERALBNK	86.900	86.900
FINLXCABLE	460.150	461.200
G.		
GAIL	375.350	374.350
GEOJIT	50.200	50.400
GESHIPP	399.950	399.900
GLAXO	2752.450	2756.050
GLENMARK	880.350	878.700
GUJAMBCEM	234.250	234.200
H.		
HDFC	1458.450	1457.750
HDFCBNK	1437.500	1436.100
HEROHONDA	3337.650	3340.250
HINDALCO	195.750	196.200
HINDLEVER	898.400	898.450
HINDUJAFUN	516.050	521.750
I.		
I-FLEX	3886.850	3902.250
ICICIBANK	275.150	275.050
IDBI	77.650	77.800
INFOTECH ENT	481.300	482.400
IOB	26.850	26.900
IOC	371.000	370.950
ITC	282.100	281.900
K.		
KALECONSULT	1400.600	1404.700
KARUR VYSYA BANK	105.650	105.450
KOPRAN	74.500	74.500
KOTAKM	854.200	854.600
L.		
L&T	1538.250	1537.650
LICHSGFIN	590.650	590.700
LML	13.510	13.400
LUPINCHEM	1462.550	1464.700
LYKALAB	57.850	58.000
M.		
M&M	1300.550	1300.200
MAHABANK	32.550	32.550
Mahindra Holidays	411.400	410.950
MARUTI	6163.950	6158.900
MROTECH	56.900	56.450
MTNL	24.900	24.950
NTPC	161.500	161.400
O.		
OBC	133.600	133.900
Oil India Ltd (OIL)	334.000	334.050
ONGC	190.650	190.850
ONWARDTECI	69.450	69.950
ORCHIDCHEM	27.800	27.700
P.		
PANACEABIO	156.850	156.650
PETRONET	393.800	393.950
PFIZER	1774.100	1774.550
PTC	87.850	87.950
R.		
RAMCOSYS	350.900	350.550
RELCAP	607.800	608.250
RELIANCE	1280.350	1280.800
ROLTA	60.600	60.600
RUBFILA INTL [BSE]	48.350	0.000
S.		
SAB	282.750	283.100
SAIL	63.800	63.800
SARIGAMA	212.100	212.400
SBI	274.000	273.900
SCI	67.300	67.400
SHYAMTELE	30.000	29.950
SIB	20.450	20.450
SYNDIBANK	69.150	69.200
T.		
Tata Communications	761.100	762.100
TATACHEM	576.450	575.750
TATAELXSI	1524.200	1524.450
TATAPOWER	86.800	87.150
TIPSINDIA	60.700	62.350
TISCO	496.750	496.650
TITANIND	465.550	465.550
TRIGYNTECH	111.500	111.750
UCOBANK	36.000	36.000
UNICHEMLAB	291.450	291.700
VESUVIUS	1230.000	1230.450
Vguard	172.550	172.850
VOLTAS	390.300	390.400
WIPRO	496.850	497.500
WONDERLA	388.100	388.700
ZEETELE	521.500	521.100

ഇസാഫ് ബാങ്കിന്റെ ശാഖകൾ പ്രവർത്തനം തുടങ്ങി

കൊച്ചി: സ്വതന്ത്ര ഭാരതത്തിൽ കേരളത്തിൽ നിന്നുള്ള ആദ്യ സ്വകാര്യ ബാങ്കായ ഇസാഫ് ബാങ്കിന്റെ 15 ശാഖകൾ പ്രവർത്തനം തുടങ്ങി. ആദ്യ വർഷം മൊത്തം 85 ശാഖകളാണ് ഇസാഫ് ബാങ്ക് തുറക്കുക. ഇടപ്പള്ളി, പാലക്കാട്, പാല, കട്ടപ്പന, കോഴിക്കോട്, തിരുവല്ല, പെരിന്തൽമണ്ണ എന്നിവിടങ്ങളിലാണ് ആദ്യ ശാഖകൾ പ്രവർത്തനം തുടങ്ങുന്നത്. പത്ത് ശതമാനം ശാഖകളും ഗ്രാമീണ മേഖലകളിലാകും തുറക്കുകയെന്ന് ഇസാഫ് ബാങ്ക് മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ കെ. പോൾ തോമസ് പറഞ്ഞു. ഡൽഹി, മുംബയ്, കൊൽക്കത്ത, ഹൈദരാബാദ്, ബംഗളൂരു എന്നിവിടങ്ങളിലും ഇസാഫ് ബാങ്ക് ശാഖകൾ തുറക്കും.

ടേം ഡെപ്പോസിറ്റുകൾക്ക് വിവിധ കാലാവധിക്ക് 5.75 ശതമാനം മുതൽ ഒമ്പത് ശതമാനം വരെ പലിശയാണ് ഇസാഫ് ബാങ്കിന്റെ വാഗ്ദാനം. സേവിംഗ്സ് ഡെപ്പോസിറ്റുകൾക്ക് അക്കൗണ്ടിലെ മിച്ചം തുകയുടെ അടിസ്ഥാനത്തിൽ ആറ് മുതൽ ഏഴ് ശതമാനം വരെ പലിശ ലഭിക്കും. മുതിർന്ന പൗരന്മാർക്ക് 0.05 ശതമാനം അധിക പലിശയും ലഭിക്കും. 2020ഓടെ 20,000 കോടി രൂപയുടെ ബിസിനസാണ് ഇസാഫ് ബാങ്ക് ലക്ഷ്യമിടുന്നത്.

ഇസാഫ് ബാങ്കിന്റെ ഇടപ്പള്ളി ശാഖ പി.ടി. തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. ഈസ്റ്റേൺ ഗ്രൂപ്പ് ചെയർമാൻ നവാസ് മീരാൻ, ഇസാഫ് മൈക്രോഫിനാൻസ് ഡയറക്ടർ എബി തോമസ്, ഇസാഫ് ബാങ്ക് ഡയറക്ടർ എ. അക്ബർ, വാർഡ് കൗൺസിലർ വിജയകുമാർ, ഇസാഫ് ബാങ്ക് എം.ഡിയും സി.ഇ.ഒയുമായ കെ. പോൾ തോമസ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ജോർജ് തോമസ്, ഫ്രൂട്ടോമാൻ ഗ്രൂപ്പിന്റെ ജോസ് തോമസ് എന്നിവർ സമീപം

കേരളത്തെ പുകഴ്ത്താൻ ബ്ലോഗർമാരുടെ യാത്ര

കൊച്ചി: കേരളത്തിന്റെ സൗന്ദര്യവും വിഭവങ്ങളും ലോകമെമ്പാടും എത്തിക്കാൻ ലക്ഷ്യമിടുന്ന കേരള ബ്ലോഗ് എക്സ്പ്രസ് പര്യടനം ആരംഭിച്ചു. 30 രാജ്യങ്ങളിലെ പ്രശസ്തരായ ടൂറിസം ബ്ലോഗ് എഴുത്തുകാരാണ് പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളിലൂടെ പര്യടനം നടത്തി ലേഖനങ്ങളെഴുതുന്നത്. ബോൾഗാട്ടിയിൽ ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്ത യാത്ര ഏപ്രിൽ മൂന്നിന് തിരുവനന്തപുരത്ത് സമാപിക്കും.

ബ്ലോഗ് എഴുത്തിലൂടെ കേരളത്തെ ആഗോള സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്ന ബ്ലോഗ് എക്സ്പ്രസിന്റെ നാലാം പതിപ്പാണിത്. കേരളത്തിലേക്ക് സഞ്ചാരികളെ ആകർഷിക്കാനും മേഖലയുടെ വളർച്ചയ്ക്കും ബ്ലോഗ് എക്സ്പ്രസിന് കഴിയുമെന്ന് മന്ത്രി പറഞ്ഞു.

ബ്രിട്ടൻ, കാനഡ, അമേരിക്ക, സ്പെയിൻ, ദക്ഷിണാഫ്രിക്ക, ന്യൂസിലൻഡ്, ബ്രസീൽ, ഇറ്റലി, മലേഷ്യ, സ്വീഡൻ, അർജന്റീന, ഗ്രീസ് തുടങ്ങി 29 രാജ്യങ്ങളിലെ 29 ബ്ലോഗർമാർക്കൊപ്പം ഇന്ത്യക്കാരൻ ദീപാൻഷു ഗോയലും ബ്ലോഗ് എക്സ്പ്രസിലുണ്ട്. കൊച്ചി, ആലപ്പുഴ, കുമരകം, തേക്കടി, മൂന്നാർ, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, തിരുവനന്തപുരം എന്നിവടങ്ങൾ സംഘം സന്ദർശിക്കും. ചടങ്ങിൽ ടൂറിസം ജോയിന്റ് ഡയറക്ടർ പി.ജി. ശിവൻ, ഡെപ്യൂട്ടി ഡയറക്ടർ വി.എസ്. അനിൽ തുടങ്ങിയവരും പങ്കെടുത്തു.

'കിംഗ്ഫിഷർ' മോഡൽ തകർച്ചയുമായി എയർ കോസ്റ്റ

ശമ്പളമില്ല; 40 പൈലറ്റുമാർ രാജിവച്ചു

ന്യൂഡൽഹി: ജീവനക്കാർക്ക് ശമ്പളം പോലും കൊടുക്കാനാവാതെ സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടതിനെ തുടർന്ന് പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്ന വിജയ് മല്യയുടെ കിംഗ്ഫിഷർ എയർലൈൻസിനെ അനുസ്മരിപ്പിച്ച് മറ്റൊരു വിമാനക്കമ്പനിയും തകർച്ചയിലേക്ക്. ജനവരി മുതൽ ശമ്പളം കിട്ടുന്നില്ലെന്ന പരാതിയുമായി 40 പൈലറ്റുമാർ ഉൾപ്പെടെ ഒട്ടേറെ ജീവനക്കാർ വിജയവാഡ ആസ്ഥാനമായ ആഭ്യന്തര കമ്പനിയായ എയർ കോസ്റ്റയിൽ നിന്ന് രാജിവച്ചു. സാമ്പത്തിക ബുദ്ധിമുട്ടുകളെ തുടർന്ന് ഫെബ്രുവരി 28 മുതൽ എയർ കോസ്റ്റ സർവീസുകൾ നിറുത്തിവച്ചിരിക്കുകയാണ്. പ്രവർത്തനം പുനരാരംഭിക്കാൻ 200 കോടിയോളം രൂപ കമ്പനിക്ക് വേണം. പ്രതിസന്ധി തരണം ചെയ്യാൻ എല്ലാ മാർഗങ്ങളും തേടുന്നുണ്ടെന്നാണ് കമ്പനിയുടെ വിശദീകരണം.

കമ്പോളനിലവാരം

കൊച്ചി	
വെളിച്ചെണ്ണ മില്ലിംഗ്	12,800
വെളിച്ചെണ്ണ	12,200
കൊപ്ര	8220-8400
പിണ്ണാക്ക് എക്സ്പെല്ലർ	2200
പിണ്ണാക്ക് റോട്ടറി	2700
കുരുമുളക്	
ചേറ്റാത്തത്	58,200
പുതിയത്	56,700
കുരുമുളക് ചേറിയത്	61,200
ചുക്ക് മീഡിയം	12,500
ചുക്ക് ബെസ്റ്റ്	13,500
മഞ്ഞൾ	11,500
സേലം-ഈറോഡ്	9,200-9500
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	19,500-20,500
അടയ്ക്ക പഴയത്	--
പഞ്ചസാര	4240
വറ്റൽമുളക്	7200-13,700
ഉഴുന്ന്	8500-9,5000
ചെറുപയർ	6400-6800

കടല	6,000-7,000
എള്ള്	15,000
മല്ലി	7300-14,000
പച്ചരി	2100-2280
പുഴക്കലരി(ജയ)	4200
ജാതിക്കതൊണ്ടൻ	225-350
തൊണ്ടില്ലാത്തത്	475-570
ജാതിപത്രി	500-650
ഗ്രാമ്പു	725
പാംഓയിൽ	5900
പൈനാപ്പിൾ	
പച്ച	21.00
പച്ച (സ്പെഷ്യൽ)	22.00
പഴം	23.00
റബർ	
ആർഎസ്എസ്4	15,100
ആർഎസ്എസ്-5	13,700-14,300
ഒട്ടുപാൽ	9700
ലാറ്റക്സ്	9300
ആലപ്പുഴ	
വെളിച്ചെണ്ണ	12500
പിണ്ണാക്ക്	2400

കൊപ്ര	8050
,,	8100
,,	8150
കോട്ടയം	
വ്യാപാരി വില	
വെളിച്ചെണ്ണ	13600
കൊപ്ര	8700
ശർക്കര (മറയൂർ)	6600
ശർക്കര (പാണ്ടി)	5600
ആർ.എസ്.എസ്4	14700
ആർ.എസ്.എസ്5	13900
തരംതിരിക്കാത്തത്	
	124.50,12200
ഒട്ടുപാൽ	8700
റബർ ബോർഡ്	
ആർ.എസ്.എസ്4	15000
ആർ.എസ്.എസ്5	14200
തരംതിരിക്കാത്തത്	13200
ഒട്ടുപാൽ	9510
ബാങ്കോക്ക്	
ആർ.എസ്.എസ്1	16179
ആർ.എസ്.എസ്2	16067

ആർ.എസ്.എസ്3	15963
ആർ.എസ്.എസ്4	15907
ആർ.എസ്.എസ്5	15823
കോലാലമ്പൂർ	
(ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	13449
	(205.20)
60% ലാറ്റക്സ്	10861(165.70)
തൃശൂർ	
വെളിച്ചെണ്ണ	12300
തേങ്ങാപിണ്ണാക്ക്	2200
കൊപ്ര	8360
കടലെണ്ണ	2375
നല്ലെണ്ണ	2100
എള്ളിൻപിണ്ണാക്ക്	3400
അടയ്ക്ക	
കൊക്കാലെ	
പുതിയത്	3600-4300
പഴയത്	4000-4800
അമല	
പുതിയത്	3900-4580
പഴയത്	4300-5020

രണ്ടാംതരം	2300-3000
പഴഞ്ഞി	
പഴയത്	4400-4800
പുതിയത്	4000-4450
രണ്ടാംതരം	2000-3200
നെടുമങ്ങാട്	
കുരുമുളക്	530(കിലോ)
കൊട്ടപ്പാക്ക്	155(,,)
റബ്ബർ	130(,,)
ഒട്ടുപാൽ	87(,,)
ജാതിക്ക	180(,,)
ജാതിപരിപ്പ്	380(,,)
ജാതിപത്രി	600(,,)
കാപ്പിപരിപ്പ്	100(,,)
ഗ്രാമ്പു	550(,,)
കൊക്കോ	12(,,)
തേങ്ങ	32(,,)
കശുവണ്ടി	130(,,
തങ്കം	
തിരുവനന്തപുരം	29100
ആലപ്പുഴ	29100
സ്വർണം	
കൊച്ചി(8ഗ്രാം)	21,600
ഒരുഗ്രാം	2700
വെള്ളി	
തിരുവനന്തപുരം	46000
കൊച്ചി	46000

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് എക്സിക്യൂട്ടീവ് ഡയറക്ടർ അബ്ദുൾ മജീദ്, ബെസ്റ്റ് ജൂവലറി ബ്രാൻഡ് അവാർഡ് ഇന്ത്യൻ ബുള്ള്യൻ ആൻഡ് ജൂവലറി അസോസിയേഷൻ ദേശീയ പ്രസിഡന്റ് മുകേഷ് മേത്തയിൽ നിന്ന് സ്വീകരിക്കുന്നു. ഹെഡ് സപ്ലൈ ചെയിൻ മഹാരാഷ്ട്ര ടി.എം. ഷിറോസ്, എം.എം.ടി.സി ബാങ്ക് മാനേജിംഗ് ഡയറക്ടർ രാജേഷ് ഖോസ്‌ല, ഐ.ബി.ജെ.ഐ മുംബയ് പ്രസിഡന്റ് ചേതൻ തദേശ്വർ, ഐ.ബി.ജെ.ഐ മദ്ധ്യപ്രദേശ് പ്രസിഡന്റ് അനിൽ കട്ടാരിയ എന്നിവർ സമീപം.

ശാസ്ത്രകൗമുദി

ഫോണിലെ 'പിള്ളേര്കളി' കുറച്ചോളൂ...

പിള്ളേർ ഫോണിൽ കളിക്കുന്നത് കണ്ട്, ഇപ്പോഴത്തെ പിള്ളാർക്ക് എല്ലാമറിയാം എന്ന് പറഞ്ഞ് ഊറിച്ചിരിക്കുകയും അവരുടെ കഴിവിൽ അഭിമാനിക്കുകയും ചെയ്യുമ്പോൾ ഓർത്തോളൂ, നമ്മുടെ പിള്ളാരെ കാത്തിരിക്കുന്നത് നല്ല മുട്ടൻ പ്രമേഹമാണ്. കൊച്ചുകുട്ടികളിലെ അമിതമായ ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം അവരെ ടൈപ്പ് 2 ഡയബറ്റിക്സിലേക്കാണ് തള്ളിവിടുന്നതെന്നാണ് പഠനങ്ങൾ പറയുന്നത്.

മൂന്ന് മണിക്കൂറിൽ അധികം കുട്ടികൾ സ്മാർട്ട് ഫോൺ, ടാബ്‌ലെറ്റ്, ടെലിവിഷൻ, കമ്പ്യൂട്ടർ എന്നിവ സ്ഥിരം ഉപയോഗിക്കുമ്പോൾ പൊണ്ണത്തടി കൂടുന്നു. ഇത് ഇൻസുലിന്റെ അളവ് കൂട്ടുകയും അതുവഴി പ്രമേഹത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരക്കാർക്ക് രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ കഴിയില്ലെന്നും പഠനത്തിൽ പറയുന്നു. കുട്ടികളിൽ പ്രമേഹം ബാധിക്കുന്നതിൽ ആൺ-പെൺ വിത്യാസമില്ലെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം.

കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്സ്
6.28 am, pm ദൈവദശകം
6.30 ദേവാമൃതം
7.30 പ്രണവം
8.30 ന്യൂസ്ട്രാക്ക്
9.00 സീക്രട്ട് ഫയൽസ്
9.30 സ്ട്രെയ്റ്റ് ലൈൻ
10.30 ഹാസ്യരസം
11.35 സ്വയംവരം
12.35 ഹരിതം സുന്ദരം
1.35 സ്നേക്ക്മാസ്റ്റർ
2.35 ലേഡീസ് അവർ
4.30 താരപ്പകിട്ട്
6.35 ദേവാമൃതം

OH MY GOD
SUNDAY
7:35PM

ഡിഡി മലയാളം

7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം

11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

ഏഷ്യാനെറ്റ്

6.00 സീതായനം
6.30 പ്രണയം
7.00 വാനമ്പാടി
7.30 കറുത്ത മുത്ത്

ന്യൂസ്

7.00 വാർത്താപ്രഭാതം
8.30 ചുറ്റുവട്ടം
9.30 അകലങ്ങളിലെ ഇന്ത്യ
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്

6.30 ഷാപ്പിലെ കറിയും നാവിലെ രുചിയും
9.00 ഫൈവ് സ്റ്റാർ തട്ടുകട
10.00 മൗനം സമ്മതം

HBO

07:48am No Strings Attached
09:16 Lara Croft Tomb Raider: The Cradle of Life
11:19 The Mask
01:03 Wrath of the Titans
02:44 Hansel & Gretel: Witch Hunters
04:13 Star Trek
06:53 The Legend of Tarzan
09:00 Transformers: Dark of the Moon
11:56 22 Jump Street

STAR MOVIES

09:30am How to Train Your Dragon 2
11:30 The A-Team
02:00 Kung Fu Panda 3
04:00 Kingsman: The Secret Service
07:00 Anaconda 3: Offspring
09:00 Hellboy
11:30 I, Robot

ANIMAL PLANET

08:00am Deadliest
09:00 Biggest & Baddest
10:00 Kingdom of Big Cats
11:00 The Zoo
12:00 Mahasangram
01:00 Wild Ways
02:00 Animal Planet: Mega Hour
03:00 Animal Planet: Mega Hour

സിനിമ

ഏഷ്യാനെറ്റ്: 9.00 കടൽ കടന്നൊരു മാത്തുക്കുട്ടി
ഏഷ്യാനെറ്റ് മൂവിസ്: 7.00 ബന്ധുക്കൾ ശത്രുക്കൾ 10.00 ഒരാൾ മാത്രം 1.00 സന്മനസ്സുള്ളവർക്ക് സമാധാനം 4.00 അടിമകൾ ഉടമകൾ 7.00 പോക്കിരിരാജ 10.00 മഴവിൽക്കാവടി
ഏഷ്യാനെറ്റ് HD: 9.00 കടൽ കടന്നൊരു മാത്തുക്കുട്ടി
ഏഷ്യാനെറ്റ് പ്ലസ്: 12.00 മഴയെത്തും മുമ്പേ
കൈരളി: 1.15 കമ്പദം
വി: 12.30 വിചാരം 9.00 പെരുവണ്ണാപുരത്തെ വിശേഷങ്ങൾ
സൂര്യ: 10.00 ഫ്രൈഡേ 12.30 കോളേജ് ഡേയ്സ്
എസിവി: 9.00 ഭ്രമിക 2.00 മനസ്സറിയാതെ 9.30 അനിയൻബാവ ചേട്ടൻബാവ
ജുക്ക്ബോക്സ്: 6.30 കരൺ അർജുൻ
കിരൺ: 7.30 യക്ഷി ഫെയ്ത്ത്ഫുള്ളി യുവേഴ്സ് 10.30 ഇത്രമാത്രം 1.30 സരോവരം 4.00 മേൽവിലാസം 7.00 ഗ്രാൻഡ്മാസ്റ്റർ 10.00 മയിൽപ്പീലിക്കാവ്
റോസ്ബൗൾ: 11.00 ഓസ്റ്റിൻ പവേഴ്സ് ഇൻ ഗോൾഡ്മെമ്പർ

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2017 മാർച്ച് 21 ചൊവ്വ)

മേടം: *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*

വാക്കും പ്രവൃത്തിയും ഫലിക്കും. സാമ്പത്തിക നേട്ടമുണ്ടാകും. കർമ്മമേഖലയിൽ വിജയം.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*

സന്താനങ്ങളുടെ കാര്യങ്ങളിൽ ശ്രദ്ധിക്കും. അന്യരുടെ കാര്യങ്ങളിൽ ഇടപെടരുത്. കാര്യങ്ങളിൽ വിജയം.

മിഥുനം: *(മകയിരം രണ്ടാം പകുതി ഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*

ഗൃഹത്തിൽ അനുകൂലമാറ്റം. ദൂരയാത്ര വേണ്ടിവരും. പുതിയ സ്നേഹബന്ധം.

കർക്കടകം: *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*

ഉദ്യോഗത്തിൽ സ്ഥാനചലനം, ഗൃഹനിർമ്മാണത്തിൽ പുരോഗതി, കാര്യതടസങ്ങൾ മാറും.

ചിങ്ങം: *(മകം, പൂരം, ഉത്രം കാൽ ഭാഗം)*

സേവനത്തിന് അംഗീകാരം. പ്രവർത്തനങ്ങൾ ഫലം ചെയ്യും. ഭാവിയെപ്പറ്റി ആശങ്ക വർദ്ധിക്കും.

കന്നി: *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതി ഭാഗം)*

ശുഭാപ്തിവിശ്വാസം വർദ്ധിക്കും. ആസൂത്രണങ്ങൾ ഗുണം ചെയ്യും. പുതിയ അവസരങ്ങൾ വന്നുചേരും.

തുലാം: *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*

ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കരുത്. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ വിജയം. പുതിയ അവസരങ്ങളിൽ നേട്ടം.

വൃശ്ചികം : *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*

വാക്കും പ്രവൃത്തിയും ഫലപ്രദമാകും. ഉദ്യോഗത്തിൽ ഉയർച്ച. രോഗങ്ങളിൽ നിന്നു മോചനം.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)

ലക്ഷ്യപ്രാപ്തി നേടും. കാര്യതടസങ്ങൾ മാറും. കഠിനപ്രയത്നം വേണ്ടിവരും.

മകരം: *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*

തൊഴിൽ മേഖലയിൽ പുരോഗതി, ആതുര സേവനത്തിൽ ആത്മാർത്ഥത, പ്രത്യുപകാരം ചെയ്യാൻ അവസരം.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*

പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കം. പണകാര്യങ്ങളിൽ വിജയം. പങ്കാളിയുടെ ആഗ്രഹങ്ങൾ നിറവേറ്റും.

മീനം: *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*

സ്വീകാര്യമായ നിലപാട് എടുക്കും. ജോലിഭാരം വർദ്ധിക്കും. ഊഹാപോഹങ്ങളിൽ വീഴരുത്.

- ഗോപകുമാർ ശർമ്മ